compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2024 നവംബർ 19
**Tuesday, 19th November 2024**

1200 വൃശ്ചികം 4
**4th Vrischikam 1200**

1946 കാർത്തികം 28
**28th Karthika 1946**

വാല്യം 13
**Vol. XIII**

നമ്പർ
**No.** 47

## Part III

## Electrical Inspectorate Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

**കേരള സിനിമ ഓപ്പറേറ്റേഴ്സ് പരീക്ഷാ ബോർഡ് – 2024**

നമ്പർ സിഇഐ/5137/2024-ജി2 *2024 നവംബർ 12.*

2025 ജനുവരി മൂന്നാം വാരത്തിൽ തിരുവനന്തപുരത്തുവച്ച് നടത്തുവാൻ ഉദ്ദേശിക്കുന്ന സിനിമാ ഓപ്പറേറ്റർ പരീക്ഷയ്ക്ക് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈൻ ആയി http:samraksha.ceikerala.gov.in എന്ന വെബ്സൈറ്റ് മുഖേന സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ വെബ്സൈറ്റിൽ create account എന്ന menu-വിൽ രജിസ്റ്റർ ചെയ്ത ശേഷം applications എന്ന menu എടുക്കുകയും അതിനു ശേഷം Applications for Cinema Operator എന്ന menu തിരഞ്ഞെടുത്തു അപേക്ഷ സമർപ്പിക്കേണ്ടതാണ്. പരീക്ഷാ ഫീസ് online ആയി തന്നെ അപേക്ഷയോടൊപ്പം അടയ്ക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ ലിങ്ക്, പരീക്ഷാ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 20-12-2024, 5 p.m. വരെ ലഭ്യമായിരിക്കും.

**പരീക്ഷ കേന്ദ്രം**: തിരുവനന്തപുരം

**യോഗ്യതകൾ**: —

1. എസ്.എസ്.എൽ.സി./ടി.എച്ച്.എസ്.എൽ.സി./ഐ.ടി.ഐ(ഇലക്ട്രിക്കൽ/വയർമാൻ/ഇലക്ട്രോണിക്സ്) ഇവയിൽ ഏതെങ്കിലും ഒരു പരീക്ഷ പാസ്സായി, അപ്രെന്റിസ് ഓപ്പറേറ്ററായി രജിസ്റ്റർ ചെയ്തതിനുശേഷം കേരളത്തിൽ ലൈസൻസുള്ള ഏതെങ്കിലും സിനിമ തീയേറ്ററിൽ ഒരു വർഷത്തെ പരിശീലനം 31-10-2024ൽ പൂർത്തിയാക്കിയവർ.

**2. താഴെ പറയുന്നവരെ അപ്രെന്റിസ് രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.**

(എ). ഈ സംസ്ഥാനത്തു നിന്നും ലൈസൻസ് എടുത്ത് യഥാസമയം പുതുക്കാതെ കാലഹരണപ്പെട്ടു പോയിട്ടുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. കാലഹരണപ്പെട്ട കോംപീറ്റൻസി സർട്ടിഫിക്കറ്റ്, ലൈസൻസിന്റെ ശരി പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യണം.

(ബി). മുൻവർഷങ്ങളിലെ സിനിമ ഓപ്പറേറ്റർ പരീക്ഷ എഴുതി തോറ്റവർക്കും ഈ സിനിമാ ഓപ്പറേറ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**3. താഴെപറയുന്നവരെ അപ്രെന്റിസ് രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇവർക്ക് നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയുൾപ്പെടെ മറ്റ് എല്ലാ യോഗ്യതകളും ഉണ്ടായിരിക്കണം.**

(എ). സൈന്യത്തിൽ മൂന്നാം ഗ്രേഡ് ഓപ്പറേറ്ററായോ, രണ്ടാം ഗ്രേഡ് ഓപ്പറേറ്ററായോ, പ്രൊജക്ഷനിസ്റ്റ് ആയോ സേവനം അനുഷ്ഠിച്ചിട്ടുള്ളവർ അത് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകിയ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊന്നിച്ച് അപ് ലോഡ് ചെയ്യണം.

(ബി). സംസ്ഥാന സർക്കാരിന്റെ വകുപ്പുകളിലോ ഫിലിം സൊസൈറ്റികളിലോ ഓപ്പറേറ്റർ ആയി ഒരു വർഷത്തിൽ കുറയാത്ത പരിശീലനം നേടിയിട്ടുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. മേൽ പറഞ്ഞ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

യോഗ്യതകൾ തെളിയിക്കുന്നിനുള്ള സാക്ഷ്യപത്രങ്ങളുടെ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊന്നിച്ച് അപ് ലോഡ് ചെയ്യണം.

4. **പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള സിലബസ് താഴെ കൊടുക്കുന്നു**

(എ). 70 എം. എം., 35 എം. എം. പ്രൊജക്ടർ അതിനോടനുബന്ധിച്ചുള്ള ക്യാബിനിലെ ഉപകരണങ്ങളായ ആംപ്ലിഫയർ, റെക്റ്റിഫയർ, സ്പീക്കർ എന്നിവയിൽ പ്രായോഗിക പരിജ്ഞാനവും പ്രധാനമായി ഇപ്പോൾ അപേക്ഷകൻ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന മെഷീനെപ്പറ്റി ശരിയായ പരിജ്ഞാനവും ഉണ്ടായിരിക്കണം. കൂടാതെ ഡിജിറ്റൽ സിനിമാ പ്രദർശനത്തെപ്പറ്റിയുള്ള അറിവും ഉണ്ടായിരിക്കണം.

(ബി). കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം.

(സി). വൈദ്യുത ശക്തിയെപ്പറ്റിയുള്ള പ്രാഥമിക പരിജ്ഞാനം, ഡയറക്ട് കറന്റ്, ആൾട്ടർനേറ്റീവ് കറന്റ്, വോൾട്ടേജ്, അമ്പിയർ എന്നിവയെപ്പറ്റിയുള്ള പരിജ്ഞാനം, ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള അറിവ്, കൂടാതെ ഇലക്ട്രിക്ക് ഷോക്കിന് പ്രഥമ ശുശ്രൂഷ നൽകേണ്ട വിധം, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിങ് റ്റു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023, കേരള സിനിമാ റെഗുലേഷൻ നിയമങ്ങൾ എന്നിവയെപ്പറ്റിയുള്ള സാമാന്യ പരിജ്ഞാനം ഉണ്ടായിരിക്കണം.

(ഡി). സിനിമാ പ്രവർത്തനോടനുബന്ധിച്ചുള്ള മുനിസിപ്പൽ ബൈലോയും അതുപോലുള്ള ചട്ടങ്ങളും മനസ്സിലാക്കിയിരിക്കണം. സിനിമ പ്രദർശനശാലയിൽ വേണ്ട അംഗീകൃത അഗ്നിശമന സാമഗ്രികളുടെ പ്രവർത്തന പരിജ്ഞാനം ഉണ്ടായിരിക്കണം.

**5. അപേക്ഷയോടൊപ്പം അയക്കേണ്ട രേഖകൾ**

(i ) സ്വഭാവ സർട്ടിഫിക്കറ്റ്

സ്വഭാവ സർട്ടിഫിക്കറ്റ് അസൽ തന്നെ (മാതൃക അപേക്ഷ ഫോറത്തിൽ ഉള്ളതുപോലെ) അപ് ലോഡ് ചെയ്യണം. അവ താഴെ പറയുന്ന ഏതെങ്കിലും ഒരു വ്യക്തിയിൽ നിന്നും അപേക്ഷ അയക്കുന്ന തീയതിക്ക് മുമ്പ് മൂന്നു മാസത്തിനകം ലഭിച്ചിട്ടുള്ളതായിരിക്കണം.

(എ) ഓണററി മജിസ്ട്രേറ്റ്

(ബി) സ്ഥലത്തെ റവന്യൂ ഇൻസ്പെക്ടർ

(സി) മുനിസിപ്പൽ കൗൺസിലർ

(ഡി) പഞ്ചായത്ത് പ്രസിഡന്റ്

(ഇ) ഏതെങ്കിലും ഒരു ഗസറ്റഡ് ഓഫീസർ

സർട്ടിഫിക്കറ്റിൽ അത് നൽകുന്ന ആളിന്റെ പേരും ഔദ്യോഗിക മേൽവിലാസവും ആഫീസ് മുദ്രയും രേഖപ്പെടുത്തിയിരിക്കണം. സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിക്ക് അപേക്ഷകനെ കുറഞ്ഞത് ഒരു വർഷത്തെയെങ്കിലും പരിചയം ഉണ്ടായിരിക്കണ്ടേതും അതു സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (എ). സർവീസ് സർട്ടിഫിക്കറ്റ്

സർവീസ് സർട്ടിഫിക്കറ്റിന്റെ മാതൃക അപേക്ഷ ഫോറത്തിൽ ഉള്ളതുപോലെ അപ് ലോഡ് ചെയ്യണം.

(ബി). വിമുക്ത ഭടന്മാരുടെ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പുകൾ അപ് ലോഡ് ചെയ്യണം.

(സി). ഇന്ത്യൻ യൂണിയനിൽപ്പെട്ട മറ്റു സംസ്ഥാനങ്ങളിലോ കേന്ദ്രഭരണ പ്രദേശങ്ങളിലോ വിദേശത്തോ ലൈസൻസുള്ള ഓപ്പറേറ്റർമാരായി ജോലി നോക്കിയിട്ടുള്ളവർ ജോലി നോക്കിയ സംസ്ഥാനത്തെ (വിദേശ രാജ്യങ്ങൾ ആണെങ്കിൽ അതനുസരിച്ച്) സിനിമാ ഓപ്പറേറ്റർ ലൈസൻസ് കൊടുക്കുന്ന അധികാരിയോ ചീഫ് ഇല്കട്രിക്കൽ ഇൻസ്പെക്ടറോ അപേക്ഷകൻ അവിടെ മൂന്നു വർഷത്തിൽ കുറയാതെ ലൈസൻസുള്ള ഓപ്പറേറ്ററായി ജോലി ചെയ്തിട്ടുണ്ട് എന്ന് കാണിച്ച് നൽകുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ് അപ് ലോഡ് ചെയ്യണം.

(iii). പരീക്ഷാ ഫീസ്

ആകെ ഫീസ് 280/-രൂപ അപേക്ഷയോടൊപ്പം അടക്കേണ്ടതാണ്. അടച്ച തുക യാതൊരു കാരണവശാലും തിരികെ കൊടുക്കുന്നതോ അടുത്ത ഏതെങ്കിലും പരീക്ഷകൾക്ക് വകവച്ചു കൊടുക്കുന്നതോ അല്ല.

(iv). വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് അപ് ലോഡ് ചെയ്യണം. ഒറിജിനൽ സർട്ടിഫിക്കറ്റ് പരീക്ഷാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(v). ഫോട്ടോ

അപേക്ഷ അയക്കുന്ന തീയതിക്ക് മുമ്പ് 6 മാസത്തിനകം എടുത്തിട്ടുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ അപ് ലോഡ് ചെയ്യണം. (200 പിക്സെൽ ഉയരവും 150 പിക്സെൽ വീതിയും ഉള്ളതും JPEG, PNG, JPG ഫോർമാറ്റിൽ ഉള്ളതും 100kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഫോട്ടോ ആണ് അപ് ലോഡ് ചെയ്യേണ്ടത്). അപ്രകാരമല്ലാത്തവ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

(vi). ഏതെങ്കിലും ഫോട്ടോ ഐ.ഡി കാർഡിന്റെ ഒറിജിനൽ പരീക്ഷാ സമയത്ത് ഹാജരാക്കേണ്ടതാണ്.

6. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 20-12-2024, 5 p.m വരെയാണ് (അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.)

7. പ്രത്യേക നിർദ്ദേശങ്ങൾ

(i). നിർദ്ദിഷ്ട മാതൃകയിൽ പൂർണ്ണമല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

(ii). അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് മുമ്പായി ഈ വിജ്ഞാപനത്തിൽ പറയുന്ന കാര്യങ്ങളെല്ലാം തന്നെ വ്യക്തമായി മനസിലാക്കിയിരിക്കണം. ഫാറം പൂരിപ്പിക്കുന്നതിൽ എന്തെങ്കിലും പിശകുകളോ, ന്യൂനതകളോ സംഭവിച്ചാൽ അവ പരിഹരിക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മുതൽ 10 ദിവസം അനുവദിക്കുന്നതാണ്. പിന്നീട് അവസരം ലഭിക്കുന്നതല്ല. വൈകിക്കിട്ടുന്നതോ ന്യൂനതകൾ ഉള്ളതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii). ഒരു അപേക്ഷകൻ ഒന്നിൽ കൂടുതൽ അപേക്ഷകൾ അയക്കുവാൻ പാടുള്ളതല്ല. ഇതിന് വിപരീതമായി കണ്ടാൽ അപേക്ഷകൻ അയച്ചിട്ടുള്ള എല്ലാ അപേക്ഷകളും നിരസിക്കുന്നതാണ്.

(iv). അപേക്ഷയോടൊപ്പം അയക്കുന്ന, സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളുടെ ഒറിജിനൽ പരീക്ഷാ സമയത്ത് പരിശോധനയ്ക്കായി ഹാജരാക്കണം. അല്ലാത്തപക്ഷം പരീക്ഷയിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

(v). അപേക്ഷകൻ ഇപ്പോൾ പരിശീലനം നേടുന്ന/സേവനം അനുഷ്ഠിക്കുന്ന തീയേറ്ററിന്റെ ഉടമയോ ലൈസൻസിയോ മാനേജിംഗ് പാർട്ണറോ അപേക്ഷ സാക്ഷ്യപ്പെടുത്തിയിരിക്കണം. സർക്കാർ വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ അപേക്ഷകൾ, അവർ ജോലി ചെയ്യുന്ന ആഫീസിന്റെ തലവൻ അദ്ദേഹത്തിന്റെ ഔദ്യോഗിക മേൽവിലാസവും മുദ്രയും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തണം. ഫിലിം സൊസൈറ്റികളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ അപേക്ഷ സൊസൈറ്റി സെക്രട്ടറി അദ്ദേഹത്തിന്റെ ഔദ്യോഗിക മേൽവിലാസവും മുദ്രയും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സാക്ഷ്യപ്പെടുത്താത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

(vi). മുൻ ഗസറ്റ് വിജ്ഞാപനങ്ങളിലെ നിബന്ധനകൾ അനുസരിച്ചോ അവയിൽ കൊടുത്തിട്ടുള്ള മാതൃകാ അപേക്ഷയിലോ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(vii). കഴിഞ്ഞ പ്രാവശ്യം പരീക്ഷയിൽ തോറ്റവർ സർവ്വീസ് സർട്ടിഫിക്കറ്റിന് പകരം ഹാൾടിക്കറ്റ് ഹാജരാക്കിയാൽ മതിയാകും. ഹാൾടിക്കറ്റ് നഷ്ടപ്പെട്ടവർ സർട്ടിഫിക്കറ്റ് അസ്സൽ ഹാജരാക്കണം.

(viii). ഖണ്ഡിക 4-ൽ പ്രസ്താവിക്കുന്ന സിലബസിനെ ആധാരമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള ഒരു മണിക്കൂർ എഴുത്തു പരീക്ഷ ഉണ്ടായിരിക്കും. എഴുത്തു പരീക്ഷയിൽ കുറഞ്ഞത് 40% മാർക്ക് നേടുന്നവർക്ക് മാത്രമേ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. പരീക്ഷാർത്ഥികളുടെ എണ്ണം നൂറോ (100) അതിനു താഴെയോ ആണെങ്കിൽ പ്രാക്ടിക്കൽ പരീക്ഷ മാത്രം നടത്തി വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം–695001.

(ഒപ്പ്)
*സെക്രട്ടറി,*
സിനിമ ഓപ്പറേറ്റർ പരീക്ഷാ ബോർഡ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.11.19 03:41:39 +05:30